ഉടുമ്പൻചോല മുതൽ ചക്കളാത്തിമെട്ട് വരെയുള്ള റോഡിന്റെ നിർമ്മാണം

159 [1509] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജാക്കാട് ചക്കളാത്തിമെട്ട് റോഡിന്റെ ഉടുമ്പൻചോല മുതൽ ചക്കളാത്തിമെട്ട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജാക്കാട് ചക്കുളത്തുമേട് റോഡിന്റെ ഉടുമ്പൻചോല മുതൽ ചക്കുളത്തുമേട് വരെയുള്ള ഭാഗത്തിന്റെ (കി. മി. 17.00-19.200) പണികൾക്കായി നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിന് 318 ലക്ഷത്തിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ ജോലികൾ തുടങ്ങുകയുള്ളൂ.

പൊന്നാനി-വെങ്ങളം തീരദേശ റോഡിന്റെ പ്രവർത്തനം

160 [1511] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-വെങ്ങളം തീരദേശ റോഡിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തിയിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്തെല്ലാമാണ്;

(സി) ഇതേവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയാണ്;

(ഡി) പൊന്നാനി-വെങ്ങളം തീരദേശ റോഡ് ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രസ്തുത നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്, ലാൻഡ് അക്വിസിഷൻ നടത്തുവാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിർത്തിക്കല്ലുകളും പൂർണ്ണമായും സ്ഥാപിക്കുന്നതിന് കരുവന്തുരുത്തിയിലേയും, ബേപ്പൂരിലേയും ചില വിഭാഗം ആളുകളുടെ എതിർപ്പ് മൂലം തടസ്സപ്പെട്ടിട്ടുണ്ട്. കൂടാതെ ലാൻഡ് അക്വിസിഷനും മറ്റു നടപടികളും ആരംഭിക്കുവാനുള്ള ധനസമാഹരണത്തിനുള്ള പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല.

(സി) ഈ റോഡിന്റെ ലാൻഡ് അക്വിസിഷൻ നടത്തുവാനുള്ള അതിർത്തിക്കല്ലുകളും സ്ഥാപിക്കുന്ന ജോലികളും കരുവാൻതുരുത്തിയിലേയും ബേപ്പൂരിലേയും ചില ഭാഗങ്ങളൊഴിച്ച് പൂർത്തിയായിക്കഴിഞ്ഞു.

(ഡി ആൻഡ് ഇ) നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറിന് മുൻവശത്ത് കൂടിയുള്ള പി.ഡബ്ലിയു.ഡി. റോഡ് വീതി കൂട്ടുന്നതിന് നടപടി

161 [1512] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ആലുവ നഗരത്തിൽ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻറിന് മുൻവശത്തുകൂടിയുള്ള പി. ഡബ്ലിയു. ഡി. റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) റോഡ് വീതികൂട്ടുന്നതിനായി റെയിൽവേ വക സ്ഥലം വിട്ടു കിട്ടുന്നതിന് റെയിൽവേ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇക്കാര്യത്തിൽ റെയിൽവേയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ പ്രാധാന്യവും വാഹനത്തിരക്കും പരിഗണിച്ച് റെയിൽവേ ജംഗ്ഷൻ മുതൽ ഗവൺമെൻറ് ആശുപത്രി വരെയുള്ള ഭാഗം റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ പദ്ധതികളൊന്നും ഇല്ല.

(ബി—ഇ) ബാധകമല്ല.

താവളം-മുള്ളി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

162 [1513] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അട്ടപ്പാടിയിലെ താവളം-മുള്ളി റോഡിന്റെ തുടക്കം മുതൽ 4 കി. മീ. വരെ തകർന്ന് യാത്രാക്ലേശം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly